വികസന സാദ്ധ്യതകളെക്കുറിച്ച് 'ഇൻഡോപ്പോൾ' എന്ന കമ്പനി നടത്തിയ പഠനത്തിലും വ്യക്തമാക്കിയിട്ടുണ്ട്. ഈ അഴിമുഖത്ത് മണ്ണടിയുന്നതുമൂലം മത്സ്യ ബന്ധനബോട്ടുകൾക്ക് സുഗമമായി കരയിലടുക്കാൻ കഴിയാത്ത അവസ്ഥ നേരത്തേ മുതൽ ശ്രദ്ധയിൽപ്പെട്ടിരുന്നു. 1980-ൽ പീച്ചിയിലെ എഞ്ചിനീയറിംഗ് റിസർച്ച് കേന്ദ്രം നടത്തിയ പഠനങ്ങളുടെ വെളിച്ചത്തിൽ ഒരു ഗൈഡ്വാൾ നിർമ്മിച്ചുവെങ്കിലും കാര്യമായ പ്രയോജനമുണ്ടായില്ല. 1991-ൽ ഈ മത്സ്യബന്ധന തുറമുഖത്തിനുവേണ്ടി 610 ലക്ഷം രൂപ അടങ്കൽ വരുന്ന ഒരു പദ്ധതിക്ക് രൂപരേഖ തയ്യാറാക്കി. ബാംഗ്ലൂരിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റൽ എഞ്ചിനീയറിംഗിന്റെ നിർദ്ദേശാനുസരണം പദ്ധതി അടങ്കൽ 916 ലക്ഷം രൂപയാക്കി. പദ്ധതിയുടെ മാതൃകാപഠനം നടത്തിയ പൂനയിലെ കേന്ദ്ര ജല വൈദ്യുത പഠനകേന്ദ്രത്തിന്റെ നിർദേശാനുസരണം പദ്ധതിക്ക് ആവശ്യമായ മാറ്റങ്ങൾ വരുത്തി 6/98-ൽ കേന്ദ്രാനുമതിക്ക് അയച്ച് ഷെഡ്യൂൾ നിരക്കിൽ വന്ന മാറ്റങ്ങൾക്കൂടി കണക്കിലെടുത്ത് ഇപ്പോൾ പദ്ധതി അടങ്കൽ 2970 ലക്ഷം രൂപയാക്കി. സംസ്ഥാന സർക്കാർ ഈ ഫിഷിംഗ് ഹാർബറിന് 11/99-ൽ ഭരണാനുമതി നൽകി. ഒൻപതാം പദ്ധതിയിൽപ്പെടുത്തി കേന്ദ്രാനുമതിക്കായി മുതലപ്പൊഴി, പൊന്നാനി, തലായി എന്നീ ഹാർബറുകളുടെ അനുമതിയാണ് ആവശ്യപ്പെട്ടിരുന്നത്. ഇതിൽ മുതലപ്പൊഴി ഹാർബറിന് ഇന്നലെ കേന്ദ്ര സർക്കാർ അനുമതി നൽകുകയും 100 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പൊന്നാനി ഹാർബറിനും, തലായി ഹാർബറിനുവേണ്ടി ഞാൻ തന്നെ നേരിട്ട് കേന്ദ്രത്തിൽ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയും കഴിഞ്ഞ മാസത്തിൽ പുതുതായി വന്ന മന്ത്രിയുമായും കമ്മീഷണറുമായും ഡൽഹിയിൽവച്ച് ചർച്ച ചെയ്യുകയും ചെയ്തു. ഏപ്രിൽ 2-ാം തീയതി ഈ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം ആരംഭിക്കാൻ നിശ്ചയിച്ചിരിക്കുകയാണ്. ആവശ്യമായ തുകയും കേരളാ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കഴിയുന്നത്ര വേഗം ഇതിന്റെ പണി ആരംഭിക്കാനുള്ള നടപടികളിലേയ്ക്ക് നീങ്ങുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

III സബ്മിഷൻ

(1) കൊല്ലം ജില്ലയിലെ രാഷ്ട്രീയ സംഘട്ടനങ്ങൾ

ശ്രീ. ബാബു ദിവാകരൻ : സർ, കഴിഞ്ഞ കുറെ മാസങ്ങളായി കൊല്ലത്തേയും പരിസര പ്രദേശങ്ങളിലേയും ജനങ്ങൾ വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുകയാണ്. ഇന്ന് എന്റെ മണ്ഡലത്തിലെ കിളികൊല്ലൂർ പ്രദേശത്ത് ഹർത്താൽ ആചരിക്കുകയാണ്. ഒരു പക്ഷേ കഴിഞ്ഞ ആറു മാസത്തിനിടയ്ക്ക് നടക്കുന്ന എത്രാമത്തെ ഹർത്താലാണെന്ന് പോലും കണക്കെടുക്കാൻ കഴിയാത്ത നിലയിലാണ് ഈ ഹർത്താലാചരിക്കുന്നത്. അവിടത്തെ ജനങ്ങൾക്ക് ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് വളരെ വലുതാണ്. ഈ ഹർത്താലിന്റെ പ്രധാന കാരണം കഴിഞ്ഞ രണ്ടുമൂന്നു ദിവസങ്ങളായി മങ്ങാട് പ്രദേശത്ത് സി.പി.ഐ. പ്രവർത്തകരും സി.പി.ഐ. (എം) പ്രവർത്തകരും തമ്മിൽ നടക്കുന്ന വളരെ ഗുരുതരമായ സംഘട്ടനമാണ്. ആ പ്രദേശത്ത്

കഴിഞ്ഞ കുറെ കാലങ്ങളായി വളരെ ഗുരുതരമായ സ്ഥിതി വിശേഷം നിലനിൽക്കുകയാണ്. ഇവിടെ രണ്ടു മതവിഭാഗങ്ങൾ തമ്മിൽ സംഘർഷങ്ങളുണ്ടാവുകയും പോലീസ് പിക്കറ്റിംഗ് ഏർപ്പെടുത്തി സമാധാനറാലി അടക്കം നടക്കുകയും ചെയ്ത പ്രദേശമാണ്. ഡി.വൈ. എഫ്.ഐ.-ൽ നിന്ന് രാജി വച്ച് ചിലർ എ. ഐ. വൈ. എഫ്-ൽ ചേർന്നതാണ് കഴിഞ്ഞ ദിവസം നടന്ന സംഘട്ടനത്തിന് കാരണമായി പറയുന്നത്. കഴിഞ്ഞ ദിവസം രാത്രി 9 മണിക്കുശേഷം ഇരുന്നൂറോളം സി. പി. ഐ. (എം) പ്രവർത്തകർ ആ പ്രദേശത്താകെ വലിയ സംഘർഷം സൃഷ്ടിച്ചു. ആറോളം വീടുകളിൽ, പ്ലാവിളയിൽ റുക്കിയമ്മയുടെ വീട്, രാജ്ഭവനിൽ രാജന്റെ വീട്, നൗസലിന്റെ വീട്, ഹരിഹരന്റെ വീട്, സൗപർണ്ണികയിൽ വിശ്വംഭരന്റെ വീട് തുടങ്ങിയ വീടുകളിലും എസ്. കെ. നേഴ്സിംഗ് ഹോമിലും രാത്രി ലൈറ്റ് പോയ സമയത്ത് ആയുധങ്ങളുമായി കടന്നുചെന്ന് ഭയാനകമായ അന്തരീക്ഷം സൃഷ്ടിച്ചു. അവിടത്തെ ജനങ്ങൾ ഭയപ്പെട്ടുകഴിയുകയാണ്. ഇന്ന് ഞാൻ അവിടെ പോയി. ആ പ്രദേശത്തെ ജനങ്ങൾക്കാകെ ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ട് ചെറുതല്ല. ഇന്ന് എല്ലാ ആളുകളും ചേർന്ന് ഹർത്താലാചരിക്കുകയാണ്. ഇത് വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ്. ഭരണകക്ഷിയിൽപ്പെട്ട രണ്ടു പാർട്ടികൾ ചേർന്ന് ഇങ്ങനെയൊരു സാഹചര്യം സൃഷ്ടിച്ചിരിക്കുന്നത് ഒരിക്കലും അവർക്ക് ഭൂഷണമല്ല.

ഞാൻ കൊല്ലത്തെ ജനങ്ങൾക്കുവേണ്ടിയാണ് സംസാരിക്കുന്നത്. കഴിഞ്ഞ കുറേ നാളുകളായി അവിടത്തെ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന
10.00 A.M.] ബുദ്ധിമുട്ടുകളിലേയ്ക്കൊന്നും കടന്നുപോകുന്നില്ല. അതൊക്കെ പറഞ്ഞാൽ ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. ആ പ്രദേശത്തെ ജനങ്ങൾക്ക് ഇത്രയേറെ ബുദ്ധിമുട്ടുണ്ടായിട്ടുള്ള സാഹചര്യം മുമ്പെങ്ങും ഉണ്ടായിട്ടില്ല. ഇന്നിപ്പോൾ ആ പ്രദേശത്തെ ജനങ്ങളാകെ ഭയവിഹ്വലരായി കഴിയുകയാണ്. ഇന്നലെ വൈകുന്നേരം ഞാൻ അവിടെ ചെല്ലുമ്പോൾ വീടുകളെല്ലാം അടച്ചിട്ടിരിക്കുകയാണ്. ആ പ്രദേശത്തെ ജനങ്ങൾ മുഴുവൻ വീടടച്ച് വീടിനകത്തിരിക്കുകയാണ്. ഇന്നലെ വൈകുന്നേരവും അവിടെ പ്രതിഷേധമാർച്ചും മീറ്റിംഗും നടന്നു ഇങ്ങനെയുള്ള പ്രതിഷേധ മാർച്ചുകളും മീറ്റിംഗുകളുമെങ്കിലും നിരോധിക്കുകയും അതൊഴിവാക്കുകയും ചെയ്യണമെന്ന് അവിടത്തെ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാരോട് ഞാൻ നേരിട്ട് പറഞ്ഞു. അവിടെ കൂടുതൽ സംഘർഷം ഉണ്ടാകുന്ന സാഹചര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെടുകയും അവിടെ സമാധാനമുണ്ടാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : ഇത് ഇന്ന് ഏറ്റവും ഒടുവിൽ കിട്ടിയ സബ്മിഷനാണ്. ഇന്നലെ കിട്ടിയിരുന്നെങ്കിൽ ഞാൻ കൂടുതൽ അന്വേഷിച്ചേനെ. ഒരു ഫുട്ബാൾ കളിയെത്തുടർന്നുണ്ടായ തർക്കത്തെക്കുറിച്ചുള്ള മറുപടിയാണ് എനിക്ക് കിട്ടിയത്. സി. പി. ഐ- സി. പി. എം. തമ്മിലുള്ള സംഘട്ടനമേയല്ല. അങ്ങനെയാണെങ്കിൽ വിശദമായ മറുപടി നാളെ കൊടുക്കാം. കൊല്ലം ജില്ലയിലെ കിളികൊല്ലൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ മങ്ങാട് വച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഫുട്ബോൾ കളിക്കുന്ന ഇരുവിഭാഗം യുവാക്കൾ തമ്മിൽ ഉണ്ടായിട്ടുള്ള ബഹളത്തെപ്പറ്റിയാണ് റിപ്പോർട്ട്. സി.പി.ഐ. യും സി.പി.എം. ഉം ഒന്നും എന്റെ കൈയിലില്ല. അത് ശ്രീ. ബാബു ദിവാകരന് എവിടെ നിന്നാണ് കിട്ടിയത് എന്ന് എനിക്കറിയില്ല. ..... (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ മറുപടി പറയട്ടെ.

ശ്രീ. ജി. കാർത്തികേയൻ : അവിടെ ഇന്ന് ഹർത്താൽ ആണ് ...(ബഹളം)...

ശ്രീ. ഇ. കെ. നായനാർ : അതുണ്ട്. കിളികൊല്ലൂർ മേഖലയിൽ ബി.ജെ.പി. കോൺഗ്രസ് ആഹ്വാനമനുസരിച്ച് ഇന്ന് ഹർത്താൽ ആണ്. അതുണ്ട്, ആ ഹർത്താൽ ഉണ്ട്. ബി. ജെ. പി., കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഒരു ഹർത്താൽ ഇന്നുണ്ട് ..... (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ പറയട്ടെ.

ശ്രീ. ഇ. കെ. നായനാർ : ഹർത്താൽ ഇല്ല എന്നല്ല ; സി. പി. ഐ. യും സി. പി. എം. ഉം തമ്മിലുള്ള യാതൊരു തർക്കവും എന്റെ കൈയിൽ ഇല്ല. എന്റെ കൈയിൽ ഫുട്ബാൾ കളിയെ സംബന്ധിച്ചുള്ള തർക്കത്തെക്കുറിച്ചാണുള്ളത്. അവിടെ മാർച്ച് 28-ാം തീയതി ചൊവ്വാഴ്ച രാത്രി 9.00 മണിയോടുകൂടി തർക്കത്തിൽപെട്ട ഒരു വിഭാഗം മങ്ങാട് താഴോട്ട്മുക്ക് എന്ന സ്ഥലത്ത് ജാഥ നടത്തി. ജാഥയിൽ പങ്കെടുത്ത പത്തോളം പേരും അതിനെ എതിർക്കുന്നവരും തമ്മിൽ വാക്കുതർക്കവും സംഘട്ടനവുമുണ്ടായി അതിൽ സി. പി. ഐ. യും സി. പി. എം. ഉം ഉണ്ടാകാം, വാക്ക് തർക്കമുണ്ടായി ; അല്ലെങ്കിൽ ഉണ്ടായില്ല എന്നൊന്നും ഞാൻ പറയുന്നില്ല, എനിക്കറിയില്ല..... (ബഹളം)..... ശ്രീ. ആര്യാടന്റെ കൈയിലാ പിച്ചാത്തി ഉള്ളത്, എന്റെ കൈയിൽ പിച്ചാത്തി ഇല്ല. ആര്യാടന്റെ കൈയിൽ പിച്ചാത്തി ഉണ്ടാകും. കല്ലേറിന്റെ ഫലമായി പരിസരത്തുള്ള ചില വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ബി.ജെ.പി. അനുഭാവിയായ ഹരിഹരൻ.....(ബഹളം)..... ഒരു കോള് കിട്ടിയ മട്ടിലാ പ്രതിപക്ഷം, ആ കോളൊന്നും നിങ്ങൾക്ക് കിട്ടാൻ പോകുന്നില്ല. ഹരിഹരന്റെ വീടിന് നേരെയുണ്ടായ കല്ലേറിൽ ..... (ബഹളം).....

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : *****..... (ബഹളം)..... ****

ശ്രീ. ഇ. കെ. നായനാർ : അത് ഞങ്ങൾ നോക്കിക്കൊള്ളാം ആര്യാടൻ അതിലിടപെടാൻ നോക്കേണ്ട ..... (ബഹളം)..... കേട്പാട് സംഭവിച്ചു എന്നു പരാതി സമർപ്പിച്ചതിനെത്തുടർന്ന് കിളികൊല്ലൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 111/2000-ാം നമ്പറായി ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് അന്വേഷണം നടത്തിവരുന്നു. ഫുട്ബാൾ കളിക്കിടയിലുണ്ടായ തർക്കമാണ് സംഭവത്തിന് കാരണം. രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള സംഘട്ടനമായി ഇതിനെ ചിത്രീകരിക്കുന്നത് അടിസ്ഥാന രഹിതമാണ്. കേസ്സന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു. ..... (ബഹളം).....

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly